പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3141 — 11.12.2014-ൽ മറുപടിയ്ക്ക്

**ഭക്ഷ്യവകുപ്പിലെ അഴിമതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബാബു.എം.പാലിശ്ശേരി<br>ശ്രീ.കെ.വി.വിജയദാസ്<br>ശ്രീ.കെ.ദാസൻ<br>ശ്രീ.കെ.കെ.നാരായണൻ | ശ്രീ.അനൂപ് ജേക്കബ്<br>ഭക്ഷ്യവും, സിവിൽ സപ്ലൈസും,<br>ഉപഭോക്തൃകാര്യ സംരക്ഷണവും,<br>രജിസ്ട്രേഷനും വകുപ്പ് മന്ത്രി |
| (എ) ഭക്ഷ്യ വകുപ്പിൽ അഴിമതി ആരോപിതരായി വിജിലൻസ് അന്വേഷണം നേരിടുന്ന ഉദ്യോഗസ്ഥർക്കെതിരെ വകുപ്പ് തലത്തിൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; | (എ) ഭക്ഷ്യവകുപ്പിൽ അഴിമതി ആരോപിതരായി വിജിലൻസ് അന്വേഷണം നേരിടുന്ന ഉദ്യോഗസ്ഥർക്കെതിരെ, പ്രസ്തുത അന്വേഷണം പൂർത്തിയാക്കി അച്ചടക്ക നടപടികൾക്ക് വിജിലൻസ് വകുപ്പ് ശുപാർശ ചെയ്യുന്ന മുറയ്ക്ക് KCS& CCA Rules, 1960, KSR ഭാഗം 3, ചട്ടം 3, ചട്ടം 59(ബി) എന്നിവ പ്രകാരം അച്ചടക്ക നടപടികൾ സ്വീകരിക്കാറുണ്ട്. |
| (ബി) പ്രസ്തുത ഉദ്യോഗസ്ഥർക്ക് വകുപ്പിൽ ഉദ്യോഗക്കയറ്റം നൽകി പ്രാധാന്യമുള്ള തസ്തികകളിൽ നിയമിക്കുകയുണ്ടായോ; | (ബി) അർഹരാണെന്ന് കണ്ടെത്തിയ ഉദ്യോഗസ്ഥരെ ബന്ധപ്പെട്ട ഡി.പി.സി. ഉദ്യോഗക്കയറ്റത്തിനുള്ള സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നപക്ഷം KS&SSR ഭാഗം 1, ചട്ടം 28-ലെ വ്യവസ്ഥകൾക്കനുസൃതമായി സീനിയോരിറ്റി പ്രകാരം നിലവിലുള്ള ഒഴിവുകളിലേക്ക് നിയമിക്കാറുണ്ട്. |
| (സി) ഉദ്യോഗക്കയറ്റത്തിനും നിയമനത്തിനുമായി അവിഹിതമായ ഇടപെടലുകളും സാമ്പത്തിക ഇടപാടുകളും ഉണ്ടായിട്ടുള്ളതായി ആക്ഷേപം ഉയർന്നിട്ടുണ്ടോ ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) ഇത്തരത്തിൽ അനർഹരും അഴിമതിക്കാരുമായവരെ പ്രമുഖസ്ഥാനങ്ങളിൽ അവരോധിക്കുക വഴി വകുപ്പിന്റെ പ്രവർത്തനങ്ങൾ തന്നെ അഴിമതിയിൽ മുങ്ങുമെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ ; | (ഡി) & (ഇ) ഉത്തരം ' സി'യുടെ വെളിച്ചത്തിൽ ബാധകമല്ല. |
| (ഇ) ഇക്കാര്യത്തിൽ നിലപാട് എന്താണെന്ന് വിശദമാക്കാമോ ? | |

സെക്ഷൻ ഓഫീസർ